➪ *നിയമം നടപ്പിലാക്കുന്നതിൽ ശുഷ്കാന്തി കാണിച്ചത് തീർച്ചയായും പൗരസമൂഹം തന്നെയാണ്* ➪

# നിയമത്തിലൂടെ മാത്രം വയലുകൾ സംരക്ഷിക്കപ്പെടില്ല

"വയൽ നികത്തൽ തടയുന്നതിന് ആവശ്യമായ രാഷ്ട്രീയമായ ഇച്ഛാശക്തി ഇല്ലാതിരിക്കുന്ന സമൂഹമായി കേരളം മാറിയതിനാൽ നിയമം മാത്രം മതിയാകില്ല നെൽകൃഷി സംരക്ഷിക്കാൻ."

നെൽകൃഷിയുമായി ബന്ധപെട്ട് ഏറെക്കാലമായി പ്രവർത്തിക്കുന്ന, സേവ് റൈസ് ക്യാമ്പയിനിന്റെ ദേശീയ കോ-ഓർഡിനേറ്ററായ

**എസ്. ഉഷ**

**നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ ഭേദഗതിയെ സംബന്ധിച്ച കാര്യങ്ങളിലേക്ക് വരുന്നതിന് മുമ്പ് ചോദിക്കട്ടെ, പരിസ്ഥിതി സംരക്ഷണവും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ ഒരു നിർണ്ണായക നിയമം എന്ന നിലയ്ക്ക് ഈ നിയമത്തിന്റെ 10 വർഷത്തെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

ജനകീയമായ ചർച്ചയിലൂടെയും ഇടപെടലിലൂടെയും ഉണ്ടായ ഒരു നിയമമാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 2008. അതിനുമുമ്പുള്ള വർഷങ്ങളിലെ നെൽവയൽ നികത്തലുമായി താരതമ്യപ്പെടുത്തുമ്പോൾ ഇക്കഴിഞ്ഞ 10 വർഷത്തെ നികത്തലിന് ഒരു ശങ്കയെങ്കിലും ഉണ്ടാക്കാൻ ഈ നിയമത്തിനു കഴിഞ്ഞിട്ടുണ്ട്. നിയമം ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ നികത്തൽ പൂർണമായി നിർത്താൻ ഈ നിയമംകൊണ്ട് കഴിഞ്ഞിട്ടില്ല എന്നത് ഒരു സത്യവുമാണ്. വികസനത്തിന്റെ, വീടുവയ്ക്കലിന്റെ പേര് പറഞ്ഞും നിയമത്തിലെ പഴുതുകൾ ഉപയോഗപ്പെടുത്തിയും നിർഭാഗ്യവശാൽ നികത്തലുകൾ കുറേ നടന്നിട്ടുണ്ട്. നികത്തലിനെതിരെ രാഷ്ട്രീയമായ ഇച്ഛാശക്തി ഇല്ലാതിരിക്കുന്നതും നികത്തലിനെ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിയമം മാത്രം പോരാ ഇത്തരം കാര്യങ്ങൾ തടയാൻ എന്നാണ് മനസ്സിലാക്കേണ്ടത്.

**നിയമത്തിന്റെ നടപ്പിലാക്കൽ എത്രത്തോളം വിജയകരമായിരുന്നു? പ്രത്യേകിച്ച് ഭൂമി ഏറെ ആവശ്യം വരുന്ന വികസന പദ്ധതികളുടെയും സ്വകാര്യനിക്ഷേപങ്ങളുടെയും കാര്യത്തിൽ വലിയ സമ്മർദ്ദമുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിൽ ഈ നിമയത്തിന് അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞോ? അങ്ങനെയുണ്ടെങ്കിൽ നിയമം നടപ്പിലാക്കുന്നതിൽ ആരാണ് പ്രധാനമായും പങ്കുവഹിച്ചത്? സർക്കാർസ്ഥാപനങ്ങളാണോ, പൊതുസമൂഹമാണോ?**

നിയമം നടപ്പിലാക്കുന്നതിൽ ശുഷ്കാന്തി കാണിച്ചത് തീർച്ചയായും പൗരസമൂഹം തന്നെയാണ്. അതിൽ വ്യക്തികളും സംഘടനകളും ഉണ്ട്. വയൽരക്ഷ എന്ന കൂട്ടായ്മ തന്നെ ഇതിനുവേണ്ടി ഉണ്ടായി. ഇതിൽ കർഷകരും പരിസ്ഥിതി പ്രവർത്തകരും വിദ്യാർത്ഥികളും അധ്യാപകരും സാമൂഹ്യ-രാഷ്ട്രീയപ്രവർത്തകരും കലാകാരന്മാരും ഒക്കെയുണ്ട്. എന്നാൽ ഈ നിയമം ന



ടപ്പിലാക്കേണ്ട സർക്കാരും രാഷ്ട്രീയ നേതൃത്വവും വയൽ നികത്തുന്നവരുടെ കൂടെയായിപ്പോയി എന്നത് എല്ലാവർക്കും അറിയുന്ന കാര്യമാണ്. അതിനാൽ ത്തന്നെ 2011 ന് ശേഷം കേരളത്തിൽ പലയിടത്തും വയൽ നികത്തുന്നതിന് എതിരെയുള്ള ഒട്ടേറെ സമരങ്ങൾ നടന്നു. അതിൽ ചിലതു വിജയിച്ചു. വയലിന്റെ പാരിസ്ഥിതിക പ്രാധാന്യം മനസ്സിലാക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല, വയലും തണ്ണീർത്തടങ്ങളുമാണ് കേരളത്തെ സാമ്പത്തികമായും സാമൂഹ്യമായും വലിയൊരളവോളം നിലനിർത്തുന്നതെന്ന വസ്തുതയും ഇവർക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

സർക്കാരിനും രാഷ്ട്രീയനേതൃത്വങ്ങൾക്കും നിയമം നടപ്പിലാക്കാൻ താല്പര്യമില്ല എന്നതിന്റെ ഏറ്റവും പ്രധാന ലക്ഷണം നിയമത്തിൽ പറഞ്ഞതുപോലെ ആറ് മാസത്തിനുള്ളിൽ ഡാറ്റാബാങ്ക് പൂർത്തിയാക്കും എന്ന് പറഞ്ഞിട്ട് 10 വർഷങ്ങൾ കഴിഞ്ഞിട്ടും അതുണ്ടായിട്ടില്ല എന്നതാണ്. അതുതന്നെ നികത്തൽ തടയാനുള്ള പ്രധാന തടസ്സമായി വന്നു. ആറന്മുള-മെത്രാൻകായൽ നികത്തൽ പോലുള്ള വലിയ പദ്ധതികൾക്ക് തടയിടാൻ കഴിഞ്ഞത് പരിസ്ഥിതി-കൃഷിപ്രവർത്തകർക്കൊപ്പം അന്നത്തെ ഇടതുമുന്നണിയും ബി.ജെ.പി നേതാക്കളും കോൺഗ്രസിലെ ചില മുതിർന്ന നേതാക്കളും നിന്നതുകൊണ്ടു കൂടിയാണ്. മറ്റൊരു പ്രധാന കാരണം നിയമം അനുശാസിക്കുന്ന തരത്തിൽ പഞ്ചായത്തുതലത്തിലും സംസ്ഥാനതലത്തിലും ഉള്ള കമ്മിറ്റികൾ നന്നായി പ്രവർത്തിച്ചതാണ്.

**നിയമം അട്ടിമറിക്കാൻ ഇതിനിടയിൽ യു.ഡി.എഫ്-എൽ.ഡി.എഫ് സർക്കാരുകളുടെ ഭാഗത്ത് നിന്നും ശ്രമമുണ്ടായല്ലോ 10 വർഷത്തിനിടയിൽ പലപ്പോഴും ഓർഡിനൻസ് കൊണ്ടുവന്ന് നിയമത്തിൽ ഇളവുകൾ വരുത്തി. ഇതിനെയെല്ലാം എങ്ങനെയാണ് നിയമം അതിജീവിച്ചത്?**

2011 ലെ ഇലക്ഷന്റെ തൊട്ടുമുമ്പുള്ള ദിവസങ്ങളിലാണ് ആദ്യത്തെ ഇടപെടൽ ഉണ്ടായത്. 2005ന് മുമ്പ് നടന്ന നികത്തലുകളെ നിയമവിധേയമാക്കാൻ വേണ്ടിയുള്ള ഇടപെടലായിരുന്നു ഇത്. ആറന്മുള വിമാനത്താവള പദ്ധതിയെ കൃത്യമായി സഹായിക്കുന്ന ഒരു നടപടിയുമായിരുന്നു ഇത്. ശക്തമായ എതിർപ്പുകൾ ഉണ്ടായപ്പോൾ അത് മാറ്റിവച്ചു. ചീഫ് സെക്രട്ടറിക്കു ചുമതല നൽകി നികത്തലുകൾ റിപ്പോർട്ട് ചെയ്യാൻ നടപടിയുണ്ടായി എന്നാൽ പിന്നീടുവന്ന സർക്കാർ 2014-15 ധനബജറ്റ് പ്രഖ്യാപനത്തിലൂടെ ഇതേ നികത്തലുകളെ നിയമവിധേയമാക്കാനുള്ള വഴികൾ തുറന്നിട്ടു. ഇതും ശക്തമായി എതിർക്കപ്പെട്ടു. പൊതുസമൂഹത്തിന്റെ എതിർപ്പുകൾ ഏറ്റെടുക്കാൻ പ്രതിപക്ഷവും അന്ന് ശുഷ്കാന്തി കാട്ടി. ഇനിയും ഇത്തരം സാധ്യത

കൾ നിലനിൽക്കുന്നുണ്ട്. ആ സാധ്യതകളെ കൂടുതൽ സഹായിക്കുന്ന ഒന്നാണ് ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി. നികത്താനുള്ള സാധ്യത കൂടുന്നത് പലയിടത്തും ഇപ്പോഴും തരിശുകിടക്കുന്നതുകൊണ്ട് കൂടിയാണ്. പലയിടത്തും ഉടമസ്ഥർ സ്ഥലത്തില്ല. അവർ എവിടെയാണെന്ന് പോലും പലർക്കും അറിഞ്ഞുകൂടാ. അതുകാണ്ട് കൃഷിചെയ്യാൻ താല്പര്യവുമായി വരുന്ന ആളുകൾക്ക് വയൽ കിട്ടാൻ ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. മടുത്തു വേണ്ടെന്നു വെയ്ക്കുകയാണ് പലരും. കൃഷി ചെയ്യാത്തിടത്തോളം കാലം വയൽ നേരിടുന്ന നികത്തൽ ഭീഷണി തുടരുകയേയുള്ളൂ.

**കർഷകരുടെ ഭാഗത്ത് നിന്നും നിയമത്തെ മുൻനിർത്തി വയൽ സംരക്ഷിക്കാൻ നടത്തിയ ശ്രദ്ധേയമായ ഇടപെടലുകൾ എന്തെല്ലാമാണ്?**

കർഷകർ പലരീതിയിലാണ് ഇടപെട്ടത്. കർഷകരും കർഷകതൊഴിലാളികളും തന്നെയാണ് പലയിടത്തും വയൽ നികത്തലിനെതിരെയുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. കൃഷി മെച്ചപ്പെടുത്തി കൂടുതലാളുകളെ, പ്രത്യേകിച്ചും ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിക്കാനും ഇവർ നന്നായി ശ്രമിക്കുന്നുണ്ട്. വയസ്സായ പല കർഷകരും തങ്ങളുടെ അറിവ് കൃഷിയുടെ വളർച്ചക്കായി ഉപയോഗിക്കാൻ തയ്യാറായി. നികത്തലിനെതിരെ കേസ് കൊടുക്കാനും പല കർഷകരും മുന്നോട്ടുവന്നു. പക്ഷെ നിയമത്തിന്റെ പരിമിതികൾ പറഞ്ഞു ഹൈക്കോടതിയിൽ വന്ന നൂറുകണക്കിന് കേസുകൾ വിധി ആകാതെ കിടക്കുകയാണ് എന്നാണ് അറിയുന്നത്. ഈ പരിമിതികൾ മാറികടക്കാൻ വേണ്ട മാറ്റങ്ങൾ നിയമത്തിൽ വേണമെന്നു നിയമവിദഗ്ധർ പറയുന്നുണ്ട്. എന്നാലും ഡാറ്റാ ബാങ്ക് ഇല്ലാതെ ഇതെല്ലം വിജയിക്കാൻ ബുദ്ധിമുട്ടാണെന്ന് എല്ലാവർക്കും അറിയാം. അതിനെക്കുറിച്ചൊന്നും ഭേദഗതിയിൽ പറയുന്നില്ല.

**ഭേദഗതി ബില്ലിനെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

വലിയ പദ്ധതികൾക്ക് വേണ്ടി വയൽ-തണ്ണീർതടങ്ങളെ നികത്താൻ സഹായിക്കുന്ന തരത്തിലാണ് ഭേദഗതി വന്നിരിക്കുന്നത്. ഇതാണ് ഏറ്റവും അപകടകരം. കാരണം കേരളത്തിൽ വൻകിട പദ്ധതികൾക്ക് പണം മുടക്കാൻ തയ്യാറായി നിൽക്കുന്ന കുറേ പുതുപണക്കാർ ഉണ്ട്. അവർക്ക് കേരളത്തിന്റെ നിലനിൽപ്പിലല്ല താല്പര്യം. അവർക്കു വിൽക്കാൻ പാകത്തിൽ വയലും കുന്നും മറ്റും പലരും വാങ്ങികൂട്ടിയിട്ടുമുണ്ട്. ഇതെല്ലാം എളുപ്പത്തിൽ നടക്കണമെങ്കിൽ നിയമത്തിലെ തടസ്സങ്ങൾ മാറ്റിയെടുത്തേപറ്റൂ. ഏറ്റവും പ്രശ്നമായി നിൽക്കുന്നത് സംസ്ഥാനതല വിദഗ്ധ കമ്മിറ്റി ആണ്. അതുകൊണ്ട് അവരുടെ അധികാരങ്ങൾ എടുത്തു മാറ്റിയാണ് ഭേദഗതി പ്രധാനമായും ചെയ്ത്. സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് പഞ്ചായത്തുതല കമ്മിറ്റിയുടെ അനുമതിവേണ്ട എന്നും വന്നിട്ടുണ്ട്. ആറന്മുളയിലും മെത്രാൻ കായൽ വികസനപദ്ധതിയിലുമെല്ലാം ശക്തമായി ഇടപെട്ടത് പഞ്ചായത്തുതല കമ്മിറ്റിയാണെന്നത് ഓർക്കുക. മറ്റൊരു പ്രധാന സംഗതി ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത വയലിനെ നികത്തിയെടുക്കാനായി ഒരു പുതിയ നിർവചനം കൊണ്ടുവന്നതാണ്. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് തന്നെ ഇതു കൊണ്ടുവന്നത് എല്ലാ അർത്ഥത്തിലും ചതിയാണ്. എത്ര വയൽ ഡാറ്റാബാങ്കിൽ ഉൾപ്പെടാതെയുണ്ട് എന്നത് ആർക്കും അറിയില്ല.

**പ്രാദേശികതല നിരീക്ഷണ സമിതി നിയമപരമായ അധികാരം ഉപയോഗിച്ച് നടത്തിയ ശ്രദ്ധേയമായ ഇടപെടലുകളുണ്ടോ? ഗെയിൽ പൈപ്പ്ലൈൻ സമരവുമായി ബന്ധപ്പെട്ട് പലസ്ഥലത്തും വയൽനികത്തുന്നത് പ്രാദേശികസമിതി ഇത്തരത്തിൽ തടഞ്ഞതായി അറിയുന്നു. അത്തരം ഇടപെടലുകളെ തകർക്കുക എന്നത് ഇപ്പോഴത്തെ നിയമഭേദഗതിക്ക് കാരണമായിത്തീർന്നിട്ടുണ്ടോ?**

തീർച്ചയായും. പ്രാദേശികതല നിരീക്ഷണ സമിതികൾ വയൽനികത്തിയുള്ള പല വൻകിട പദ്ധതികൾക്കും അനുമതി നിഷേധിച്ചിട്ടുണ്ട്. രണ്ട് ഏജൻസികളുടെ പഠനം കഴിഞ്ഞേ നേരത്തെ ഒരു വലിയ പദ്ധതിക്ക് അനുമതി ലഭിച്ചിരുന്നുള്ളു. എന്നാൽ പ്രാദേശികതല നിരീക്ഷണ സമിതിക്ക് സംസ്ഥാനതല പദ്ധതികളിൽ അഭിപ്രായം പറയാൻ കഴിയാതെ വന്നാൽ തദ്ദേശവാസികൾക്ക് തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ വരിക എന്നുകൂടിയാണ് അർത്ഥം. ഇത് വികേന്ദ്രീകൃത ജനാധിപത്യ സംവിധാനങ്ങളെ തന്നെ ചോദ്യംചെയ്യുന്ന ഒന്നാണ്. പ്രാദേശികസമിതികൾക്ക് ഇനി മുതൽ പഞ്ചായത്ത്തലത്തിൽ ഉള്ള ചെറിയ നികത്തലിനെ കുറിച്ച് അന്വേഷിക്കാൻ മാത്രമേ കഴിയൂ .

**ആറന്മുളയും മെത്രാൻകായലും പോലെ ഏതെല്ലാം പാടംനികത്തൽ പദ്ധതികളാണ് റദ്ദുചെയ്യാൻ 2008ലെ നെൽവയൽ തണ്ണീർത്തട നിയമപ്രകാരം കഴിഞ്ഞത്? നിർണ്ണായകമായ ഇടപെടലുകൾ എന്തെല്ലാമായിരുന്നു? ക്യാൻസൽ ചെയ്യപ്പെട്ട പദ്ധതികൾ**

**തിരികെ വരുന്നതിന് ഇപ്പോഴത്തെ ഭേദഗതി കാരണമായിത്തീരുമോ?**

നേരത്തെ വേണ്ടെന്നു വച്ച പദ്ധതികൾ വേണമെങ്കിൽ പുനരാവിഷ്കരിക്കാൻ, ആ പ്രദേശങ്ങൾ നികത്താൻ ഈ ഭേദഗതിയിലൂടെ സാധിക്കും. ഇവയെല്ലാം പൊതുതാല്പര്യ പദ്ധതികളായി വ്യാഖ്യാനിച്ചാൽ മാത്രം മതി.

**സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അധികാരങ്ങളിൽ എന്ത് മാറ്റമാണ് ഭേദഗതിയിലൂടെ വന്നിരിക്കുന്നത്?**

പ്രധാന മാറ്റം ഈ സമിതിക്ക് ഒരു പദ്ധതിയുടെ പ്രത്യാഘാതങ്ങൾ പഠിച്ച ശേഷം അത് വേണ്ട എന്ന് പറയാൻ ഇനി കഴിയില്ല. ഓർഡിനൻസ് പ്രകാരം ഇവർക്ക് നൽകിയിരിക്കുന്ന നിർദേശം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക ആഘാതങ്ങൾക്ക് പരിഹാരം കൊടുക്കുക എന്നത് മാത്രമാണ്. ആ അർത്ഥത്തിൽ ഈ കമ്മിറ്റിക്കുള്ള അധികാരം വളരെ കുറഞ്ഞു. ഒരുതരത്തിൽ പറഞ്ഞാൽ ഇതൊരു അനുമതി നൽകുന്ന കമ്മിറ്റി ആയി മാറിയിരിക്കുന്നു. നേരത്തെ സൂചിപ്പിച്ച ആറന്മുള, മെത്രാൻകായൽ, വളന്തക്കാട് തുടങ്ങി നിരവധി പദ്ധതികൾ ഈ കമ്മിറ്റിയുടെ ഇടപെടൽ കൊണ്ട് വേണ്ടെന്നു വെക്കേണ്ടിവന്നിട്ടുണ്ട്. ബ്രഹ്മപുരം മാലിന്യ നിർമാർജന പദ്ധതി ഇതിലൊന്നാണ്. എന്നാൽ പുതിയ ഓർഡിനൻസ് വന്നയുടൻതന്നെ അതിന് സർക്കാർ നേരിട്ട് അനുമതി നൽകുകയായിരുന്നു. ഈ കമ്മിറ്റിക്ക് മുകളിൽ തീരുമാനം എടുക്കാനുള്ള അധികാരം സർക്കാരിനുണ്ടെന്ന് ഓർഡിനൻസിൽ പറഞ്ഞിട്ടുണ്ട്.

**പൊതുആവശ്യം എന്നതിനെ എങ്ങനെയെല്ലാമായിരിക്കും ദുർവ്യാഖ്യാനം ചെയ്യാൻ പോകുന്നത്? അത്തരം ദുർവ്യാഖ്യാനങ്ങളിലൂടെയുള്ള വയൽനികത്തൽ നിലവിൽ നടക്കുന്നുണ്ടോ?**

പൊതുആവശ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് ശരിക്കും ഇതിൽ പറയുന്നില്ല. അതുകൊണ്ടുതന്നെ നിയമം ദുരുപയോഗം ചെയ്യാനുള്ള സാധ്യത വളരെ കൂടുതലാണ്. ഷോപ്പിംഗ് മാളുകൾ കെട്ടുന്നതും ഫ്ളാറ്റുകൾ, ആശുപത്രി, വിദ്യാലയങ്ങൾ എല്ലാം പൊതു ആവശ്യമാണല്ലോ. അത് ഇപ്പോൾ തന്നെ നടക്കുന്നുണ്ട്.

**പാരിസ്ഥിതിക വ്യവസ്ഥയ്ക്കുള്ള കോട്ടം പരിഗണിക്കേണ്ടതില്ല എന്ന സാഹചര്യം ഭേദഗതിയിലൂടെ വന്നിരിക്കുകയാണല്ലോ? ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കില്ല എന്നത് വ്യക്തമായാൽ വയൽ നികത്താം എന്നു വരുമ്പോൾ നെൽവയലുകളുടെ പാരിസ്ഥിതിക ധർമ്മം എന്ന പ്രധാന സംഗതി പരിഗണിക്കപ്പെടാതെ പോവുകയല്ലേ?**

തീർച്ചയായും. ഇപ്പോൾതന്നെ കേരളത്തിൽ വയലുകളും നീർത്തടങ്ങളും തുണ്ടുവത്കരിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നീരൊഴുക്ക് പലയിടത്തും സ്വാഭാവികമല്ല. ഒന്നുകിൽ വെള്ളക്കെട്ട്, അല്ലെങ്കിൽ വരൾച്ച. ഇത് കൃഷിയെയും ഉല്പാദനത്തെയും മോശമായി ബാധിക്കുന്നുണ്ട്. ഇനിയും ഇത് തുടർന്നാൽ ഈ ഭൂമി ഒട്ടും ഉത്പാദനക്ഷമമല്ലാതാകും. ഇത് കൂടുതൽ നികത്തലിനു തന്നെ വഴിവക്കും. പാരിസ്ഥിതിക വ്യവസ്ഥക്കുള്ള കോട്ടം പരിഗണിക്കേണ്ട എന്ന് നിയമ ഭേദഗതി വ്യക്തമായി പറയുന്നില്ല. എന്നാൽ അതാണ് സംഭവിക്കുക.

**വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന ഭൂപദവി ദേദഗതിയിലൂടെ വന്നിരിക്കുകയാണല്ലോ. ഡാറ്റാബാങ്ക് പൂർത്തീകരണത്തെ ഇത് ഏതെങ്കിലും തരത്തിൽ ബാധിക്കുമോ? ഡാറ്റാബാങ്ക് വൈകുന്നത് എന്ത് താത്പര്യങ്ങൾ കാരണമായിരിക്കും? എത്ര പഞ്ചായത്തുകളാണ് ഇനി പൂർത്തിയാക്കാനുള്ളത്?**

കഴിഞ്ഞവർഷം, നിയമസഭയിൽ റവന്യൂമന്ത്രി പറഞ്ഞത് 328 പഞ്ചായത്തുകളിലെ ഡാറ്റാബാങ്ക് പ്രസിദ്ധപ്പെടുത്തി എന്നാണ്. 570 പഞ്ചായത്തുകളിൽ തയ്യാറായിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഡാറ്റാബാങ്ക് പരിശോധിച്ച മന്ത്രി, ഉദ്യോഗസ്ഥർ വയലിൽ പോകാതെ ഓഫീസിൽ ഇരുന്ന് ഉണ്ടാക്കിയ ഒരു രേഖയാണ് ഇതെന്നും പറയുകയുണ്ടായി. കൃത്യമായ പരിശോധന നടത്താത്തതിനാൽതന്നെ ഒരുപാട് പ്രശ്നങ്ങൾ ഇതിനുണ്ട്. നേരത്തെ നികത്തിയ വയലുകൾക്ക് അംഗീകാരം കിട്ടാനായി ഏകദേശം 93088 അപേക്ഷകളാണ് ഇപ്പോൾത്തന്നെ സർക്കാരിന് ലഭിച്ചിരിക്കുന്നത്! ഇതിന് പുറമെ ഇപ്പോൾ വന്നിരിക്കുന്ന വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന വകുപ്പ് കൂടിയാകുമ്പോൾ സംഗതി കുറെകൂടി സങ്കീർണമാകും. ഡാറ്റാബാങ്ക് പൂർത്തിയാക്കാത്തത്, സമീപകാലത്തെ നികത്തലുകളെ സാധൂകരിക്കാൻ വേണ്ടി തന്നെയാണ്.

**ഒട്ടേറെ നെൽവയൽ സംരക്ഷണ സമരങ്ങളുടെയും പരിസ്ഥിതി പ്രവർത്തകരുടെ ഇടപെടലുകളുടെയും ഫലമായാണല്ലോ 2008 ൽ ഇത്തരത്തിലുള്ള ഒരു പരിസ്ഥിതി സംരക്ഷണ നിയമം സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്നത്? പക്ഷെ എന്തുകൊണ്ടാണ് സമ**

**രങ്ങൾക്കും പരിസ്ഥിതി പ്രവർത്തകർക്കും ഈ നിയമത്തെ പിന്നീട് സംരക്ഷിച്ചു നിർത്താൻ കഴിയാതിരുന്നത്?**

ഒരു പ്രധാന കാരണം മൂലധന ശക്തികളുടെ പിടിയിലാണ് രാഷ്ട്രീയ നേതൃത്വം എന്നത് തന്നെയാണ്. അതുകൊണ്ടുതന്നെ ഭൂമിയെ ചൂഷണം ചെയ്തുള്ള ഒരു വികസനത്തെകുറിച്ച് മാത്രമേ അവർക്ക് ചിന്തിക്കാൻ കഴിയുന്നുള്ളു. പിന്നെ കുറേ പേർക്ക് വികസനത്തിന്റെ പേര് പറഞ്ഞു പണം ഉണ്ടാക്കാനുള്ള ഒരു ഉപകരണം മാത്രമാണ് ഗവൺമെന്റ്. ഇതിനെതിരെ നിന്ന് പരിസ്ഥിതി -കാർഷിക - സാമൂഹ്യ പ്രവർത്തകർ കുറെ തടസ്സങ്ങൾ/മാറ്റങ്ങൾ ഉണ്ടാക്കി. കൃഷി തിരിച്ചു കൊണ്ടുവരണമെന്ന് ചിന്തിക്കാൻ സർക്കാരിന് പോലും ഇത് പ്രേരണയായി. എന്നാൽ ഇന്നത്തെ കാലത്ത് ഇതൊന്നും പോരാ. യഥാർത്ഥ വികസനത്തെകുറിച്ച്, നിലനിൽപ്പിനെകുറിച്ച് ഉള്ള വ്യക്തത വളരെ കുറച്ചുപേർക്കേ ഇപ്പോഴുമുള്ളു. എന്നാൽ അങ്ങനെയുള്ളവർ നയരൂപീകരണത്തിൽ ഇല്ല. ശാസ്ത്രം എന്ന വാക്ക് ആവശ്യത്തിനും അനാവശ്യത്തിനും എടുത്തു ഉപയോഗിക്കുമെങ്കിലും വികസനത്തിന്റെ കാര്യത്തിൽ ഒരു ശാസ്ത്രബോധവുമില്ല.

**എന്താണ് ഭേദഗതിക്കെതിരെ ചെയ്യാൻ കഴിയുന്നത്? നിയമം ശക്തിപ്പെടുത്താൻ എന്താണ് ഇനി ചെയ്യാൻ കഴിയുന്നത്?**

നിയമത്തിൽ വരുത്തിയ നേരത്തെ പറഞ്ഞ പ്രശ്നമുള്ള ഭാഗങ്ങൾ മാറ്റുക എന്നതാണ് പ്രധാനം. പിന്നെ കൃഷി ചെയ്യാതെ കിടക്കുന്ന വയലുകൾ മുഴുവനും കൃഷി ചെയ്യുക. അതിനുവേണ്ട നിയമ-സാമ്പത്തിക നടപടികൾ ഉടൻ ചെയ്യുക. തരിശിടുന്നത് തന്നെ നികത്താനുള്ള പ്രേരണയാകും. വയലുകൾ സ്വകാര്യ ഉടമസ്ഥതയിലാണെങ്കിലും ഒരു പൊതു പൈതൃകമായി പ്രഖ്യാപിക്കുക. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് പരിസ്ഥിതി സംരക്ഷണത്തിനായി സാമ്പത്തിക സഹായം നൽകുക. ചെറുപ്പക്കാർക്ക്, സ്ത്രീകൾക്ക് ചുരുങ്ങിയത് അഞ്ച് വർഷത്തേക്കെങ്കിലും തരിശിട്ടിരിക്കുന്ന വയലുകൾ ചെറിയ പാട്ടത്തിനു നൽകുക. പഞ്ചായത്തും കൃഷിഭവനും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയും ചേർന്ന് കർഷകനും ഉടമസ്ഥനും പരിരക്ഷണം നൽകുക. നിയമം കൊണ്ട് മാത്രം വയലും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ കഴിയില്ല എന്നതാണ് സത്യം. ■

ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാനും നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല നിരീക്ഷണ സമിതിയിലെ പരിസ്ഥിതി വിദഗ്ധ അംഗവുമായിരുന്ന

**ഡോ. വി.എസ്. വിജയൻ**

# നെൽവയലുകൾ റിസർവ്വുകളായി സംരക്ഷിക്കണം

**2008ൽ** അന്നത്തെ സർക്കാർ കണക്കുകൾ പ്രകാരം 2.49 ഹെക്ടർ നെൽവയൽ മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. കൃഷി ചെയ്യുന്ന കൃഷിക്കാരുടെ എണ്ണത്തേക്കാൾ കൃഷിസ്ഥലങ്ങളുടെ വ്യാപ്തിയിലാണ് കാര്യമായ വ്യത്യാസമുണ്ടായിട്ടുള്ളത്. നിയമം അനുശാസിക്കുന്നതു പോലുള്ള കാര്യങ്ങളൊന്നുംതന്നെ നടന്നിട്ടില്ല എന്നതിൽ യാതൊരു തർക്കവുമില്ല. നെൽവയലുകളെക്കാൾ തണ്ണീർത്തടങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. 2007 ലെയും 2011 ലെയും തണ്ണീർത്തടങ്ങളുടെ കണക്ക് നോക്കാം. 2007 ൽ 7,06,676 ഹെക്ടർ തണ്ണീർത്തടം ഉണ്ടായിരുന്നത് 2011 ൽ 1,60,590 ഹെക്ടർ ആയി കുറഞ്ഞു. അതായത് 79 ശതമാനം നഷ്ടമായി. 2007 ൽ 4,17,968 ഹെക്ടർ ശുദ്ധജലമുള്ള തണ്ണീർത്തടം 2011 ൽ 1,17,122 ഹെക്ടർ ആയി കുറഞ്ഞു. അതായത് 72 ശതമാനം കുറവ്. കായലുകൾ കണക്കുനോക്കിയാൽ 2007 ൽ 3,48,111 ഹെക്ടർ 2011 ൽ 40,176 ഹെക്ടർ ആയി കുറഞ്ഞു. അതായത് 88 ശതമാനം കുറഞ്ഞു.

തണ്ണീർത്തട നിയമം എത്രമാത്രം വിജയകരമായിരുന്നു എന്നു വിലയിരുത്താൻ ഈ കണക്കുകൾ സഹായിക്കും. നിയമം ഉണ്ടായതുകൊണ്ടാണ് പല കേസുകളും നമുക്ക് കൈകാര്യം ചെയ്യാനായത് എന്നത് വാസ്തവമാണ്. നിയമം വരുന്നതിനു മുമ്പും വയലുകൾ നികത്തരുത് എന്ന് നിയമം ഉണ്ടായിരുന്നു. എന്നിട്ടും വയലുകൾ നികന്നുപോയതുകൊണ്ടാണ് കുറച്ചുകൂടി ശക്തമായ മറ്റൊരു നിയമം കൊണ്ടുവന്നത്. അതും പരാജപ്പെടുന്നു എന്നാണല്ലോ ഇപ്പോൾ വ്യക്തമാകുന്നത്.

ഏതെങ്കിലും സംഘടനകളോ കൂട്ടായ്മകളോ നെൽവയൽ നികത്തുന്നതിനെതിരെ പരാതി ഉന്നയിക്കുമ്പോൾ ആ നികത്തലിനെതിരെ ഒരു നടപടി ഉണ്ടാകുന്നു എന്നതല്ലാതെ സമഗ്രമായൊരു ശ്രമമൊ